(ബി) റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന്റെ ഭാഗമായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നമ്പർ 10912/ഇ 3/2013/PWD. നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആയതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

169(2810) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തികളിന്മേൽ പൊതുമരാമത്ത് നിരത്ത്-കെട്ടിട വിഭാഗങ്ങൾ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച പദ്ധതികളുടെയും പൊതുമരാമത്ത് നിരത്ത്-കെട്ടിട വിഭാഗങ്ങൾ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 1- ഉം 2- ഉം ആയി ചേർത്തിരിക്കുന്നു.*

മായന്നൂർ-കത്താമ്പുള്ളി റോഡും പാലവും നിർമ്മാണ പദ്ധതി

170(2811) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ മായന്നൂർ- കത്താമ്പുള്ളി റോഡും പാലവും നിർമ്മാണ പദ്ധതിക്ക് മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നോ എന്നറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുകയും വീണ്ടും പുതുക്കിയ ഭരണാനുമതിക്ക് വേണ്ടി ഡി.പി.ആർ. സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പ് തന്നിട്ടുള്ള വിവരം ശ്രദ്ധയിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XVI-ൽ ഉൾപ്പെടുത്തി 7-7-2011-ലെ സ. ഉ. (സാധാ) നമ്പർ 100/2011/പൊ.മ.വ. പ്രകാരം 747 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഇ) പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായ ശേഷം നബാർഡിൽ നിന്നും ധനസഹായം ലഭ്യമാക്കി പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പണയിൽകടവ് പാലം അപ്രോച്ച് റോഡ്

171(2812) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണയിൽകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനു ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് ലഭ്യമാക്കി ഇറക്കിയ ഉത്തരവിന്മേൽ എന്തെല്ലാം തുടർ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പാലം നിർമ്മാണം കഴിഞ്ഞ് ദശാബ്ദത്തിലേറെയായിട്ടും അപ്രോച്ച് റോഡ് നിർമ്മാണം നടക്കാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലറ്റർ ഓഫ് ക്രെഡിറ്റിന് വേണ്ടിയുള്ള പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly